ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി

42(2080) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ്, മുഖേന കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഇതുവരെ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്:

- ഡാറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം എന്നിവ സ്ഥാപിക്കൽ.
- 43 നഗരങ്ങളിലെ പദ്ധതി ഭാഗികമായിട്ടുള്ള പൂർത്തീകരണം.
- 43 നഗരങ്ങളിലെ വിവര സാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കൽ.
- 43 നഗരങ്ങളിലെ സമഗ്ര വിവര ശൃംഖല വിശകലന പൂർത്തീകരണം.

ഇവ കൂടാതെ 3 നഗരങ്ങളിലായി സമയബന്ധിതമായി നടപ്പാക്കുന്ന സ്മാർട്ട് പദ്ധതി, പ്രദേശത്തെ വൈദ്യുതി വിതരണം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം കുറച്ച് 15 ശതമാനത്തിൽ താഴെയാക്കി, ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതികവിദ്യ പദ്ധതികൾ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമിടുന്നു. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് വിവരസാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഉർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. കൂടാതെ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, കാൾ സെന്റർ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് മൂല്യാധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കലും ലക്ഷ്യമിടുന്നു. സ്മാർട പദ്ധതിയിൽ വിതരണമേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചു ചേർത്ത് ഓൺലൈൻ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പാർട്ട്-എ-യുടെ ഭാഗമായുള്ള സ്മാർട ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള Distribution Reforms Committee (DRC) ശിപാർശ ചെയ്ത പ്രവൃത്തികൾക്കാണ് RAPDRP പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുമതി നൽകിയത്. കേന്ദ്ര സർക്കാർ എല്ലാ മാസവും അവലോകനയോഗം നടത്തി പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യാറുണ്ട്. ഇതിനു പുറമെ ബോർഡ് തലത്തിലും അവലോകനം ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly